പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 26

# 2006-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2006

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 26

# 2006-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

702/2006.

# 2006-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

1994-ലെ കേരള മുനിസിപ്പാലിറ്റി
ആക്റ്റ് വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തി ഏഴാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2006-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2). ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 84-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.— 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക.) 84-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(84എ) വോട്ടർ പട്ടിക തയ്യാറാക്കുക മുതലായവ സംബന്ധിച്ച ഔദ്യോഗിക കർത്തവ്യത്തിന്റെ ലംഘനം.—(1) വോട്ടർ പട്ടിക തയ്യാറാക്കലോ പുതുക്കലോ തിരുത്തലോ അല്ലെങ്കിൽ ഏതെങ്കിലും ഉൾക്കുറിപ്പ് ആ പട്ടികയിൽ ഉൾപ്പെടുത്തുകയോ അതിൽ നിന്ന് വിട്ടുകളയുകയോ ചെയ്യുന്നതു സംബന്ധിച്ച ഏതെങ്കിലും ഔദ്യോഗിക കർത്തവ്യം നിർവ്വഹിക്കാൻ, ഈ ആക്റ്റോ അതിൻ കീഴിലോ ചുമതലയുള്ള ഏതെങ്കിലും തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥനോ അസിസ്റ്റന്റ് തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ മറ്റേതെങ്കിലും ആളോ, ന്യായമായ കാരണം കൂടാതെ, അങ്ങനെയുള്ള ഔദ്യോഗിക കർത്തവ്യത്തിന്റെ ലംഘനമായ ഏതെങ്കിലും കൃത്യത്തിനോ കൃത്യവിലോപത്തിനോ കുറ്റക്കാരനാകുകയാണെങ്കിൽ, അയാൾ ആയിരം രൂപയിൽ കുറയാതെയുള്ള പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) അങ്ങനെയുള്ള ഉദ്യോഗസ്ഥനോ മറ്റാൾക്കോ എതിരായി മുൻ പറഞ്ഞതു പോലെയുള്ള ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ സംബന്ധിച്ച് നഷ്ടപരിഹാരത്തിന് യാതൊരു വ്യവഹാരമോ മറ്റേതെങ്കിലും നിയമനടപടിയോ നിലനിൽക്കുന്നതല്ല.

(3) (1)-ാം ഉപവകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവു വഴിയോ അത് അധികാരപ്പെടുത്തിയ പ്രകാരമോ കൊടുക്കുന്ന ഒരു പരാതിയിൻമേലല്ലാതെ, യാതൊരു കോടതിയും നടപടിയെടുക്കുവാൻ പാടുള്ളതല്ല.".

3. 90-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 90-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ജെ) ഖണ്ഡത്തിൽ "മുൻവർഷം ഉൾപ്പെടെയും ആ മുനിസിപ്പാലിറ്റിയിലേക്ക്" എന്ന വാക്കുകൾക്കു പകരം "മുൻ വർഷം ഉൾപ്പെടെയും സർക്കാരിലേക്കോ മുനിസിപ്പാലിറ്റിയിലേക്കോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 91-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 91-ാം വകുപ്പ് (ജെ) ഖണ്ഡത്തിൽ "മുൻവർഷം ഉൾപ്പെടെയും ആ മുനിസിപ്പാലിറ്റിയിലേക്ക്" എന്ന വാക്കുകൾക്കു പകരം "മുൻ വർഷം ഉൾപ്പെടെയും സർക്കാരിലേക്കോ മുനിസിപ്പാലിറ്റിയിലേക്കോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 28-ാം വകുപ്പിൽ വോട്ടർ പട്ടിക തയ്യാറാക്കലോ പുതുക്കലോ തിരുത്തലോ അല്ലെങ്കിൽ ഏതെങ്കിലും ഉൾക്കുറിപ്പ് ആ പട്ടികയിൽ ഉൾപ്പെടുത്തുകയോ ചെയ്യുന്നത് സംബന്ധിച്ച് ഏതെങ്കിലും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥനെ പ്രസ്തുത വീഴ്ച ന്യായമായ കാരണം കൂടാതെയാണെങ്കിൽ അയാൾക്ക് ആയിരം രൂപയിൽ കുറയാതെയുള്ള പിഴ ശിക്ഷ നൽകി ശിക്ഷിക്കുന്നതിനും പ്രസ്തുത ശിക്ഷ വ്യവഹാരാതീതമാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സമാനമായ വ്യവസ്ഥ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ കൂടി ഉൾപ്പെടുത്തണമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. അപ്രകാരം ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20), സ്ഥാനാർത്ഥികളുടെ അയോഗ്യത സംബന്ധിച്ച വ്യവസ്ഥകളടങ്ങിയ 90-ാം വകുപ്പ് (ജെ) ഖണ്ഡ പ്രകാരവും കൗൺസിലർമാരുടെ അയോഗ്യത സംബന്ധിച്ച വ്യവസ്ഥകളടങ്ങിയ 91-ാം വകുപ്പ് (ജെ) ഖണ്ഡ പ്രകാരവും മുനിസിപ്പാലിറ്റിയിലേക്ക് കൊടുക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുള്ള ആളിന് അയോഗ്യത കൽപ്പിക്കപ്പെട്ടിട്ടുണ്ട്. സർക്കാരിലേക്ക് കൊടുക്കേണ്ടതായ തുക കുടിശ്ശിക വരുത്തുന്ന ആളിനു കൂടി അയോഗ്യത കൽപ്പിക്കുന്നതിനാവശ്യമായ ഭേദഗതി പ്രസ്തുത വകുപ്പുകളിൽ വരുത്തണം എന്ന സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ അപ്രകാരം ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പാലോളി മുഹമ്മദ് കുട്ടി.

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** **

** ** **

84. വ്യാജ പ്രഖ്യാപനങ്ങൾ ചെയ്യുന്നത്.—ഏതെങ്കിലും ആൾ—

(എ) ഒരു വോട്ടർ പട്ടികയുടെ തയ്യാറാക്കലോ, പുതുക്കലോ, തിരുത്തലോ ; അല്ലെങ്കിൽ

(ബി) ഏതെങ്കിലും ഉൾക്കുറിപ്പ് ഒരു വോട്ടർപട്ടികയിൽ ഉൾപ്പെടുത്തുന്നതോ അതിൽ നിന്ന് നീക്കുന്നതോ സംബന്ധിച്ച് ;

വ്യാജമായതും വ്യാജമാണെന്ന് താനറിയുകയോ വിശ്വസിക്കുകയോ ചെയ്യുന്നതോ അഥവാ സത്യമാണെന്ന് താൻ വിശ്വസിക്കാത്തതോ ആയതുമായ ഒരു പ്രസ്താവനയോ പ്രഖ്യാപനമോ ചെയ്യുന്നുവെങ്കിൽ അയാൾ രണ്ട് വർഷത്തോളമാകാവുന്ന തടവു ശിക്ഷയോ അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

** ** **

** ** **

90. സ്ഥാനാർത്ഥികളുടെ അയോഗ്യത.—(1) ഒരാൾ ഒരു മുനിസിപ്പാലിറ്റിയിലെ കൗൺസിലറായി തെരഞ്ഞെടുക്കപ്പെടുന്നതിനോ തുടരുന്നതിനോ താഴെ പറയുന്ന സാഹചര്യങ്ങളിൽ അയോഗ്യനായിരിക്കുന്നതാണ് :

(എ) ഭരണഘടനയുടെ വ്യവസ്ഥകൾ പ്രകാരമോ സംസ്ഥാന നിയമ സഭയിലേക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താലോ നിയമത്തിൻകീഴിലോ അയാൾ അപ്രകാരം അയോഗ്യനാക്കപ്പെട്ടിരിക്കുന്നുവെങ്കിൽ ; അഥവാ

(ബി) (1) ഒരു കോടതിയാലോ ട്രൈബ്യൂണലിനാലോ സൻമാർഗ്ഗദൂഷ്യം സംബന്ധിച്ച ഏതെങ്കിലും കുറ്റത്തിന് മൂന്നുമാസത്തിൽ കുറയാത്ത കാലത്തേക്കുള്ള തടവുശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരിക്കുകയോ ;

** ** **

** ** **

(ജി) ഒരു കമ്പനിയിലെ ഓഹരിക്കാരൻ (ഒരു ഡയറക്ടറല്ലാത്ത) എന്ന നിലയിലോ അഥവാ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ അനുവദിക്കുന്ന പ്രകാരമോ അല്ലാതെ സർക്കാരുമായോ ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുമായോ ഉണ്ടാക്കിയ നിലയിലുള്ള ഏതെങ്കിലും കരാറിലോ അല്ലെങ്കിൽ അവർക്കുവേണ്ടി ചെയ്യുന്ന ഏതെങ്കിലും പണിയിലോ അവകാശമുണ്ടെങ്കിൽ ;

<u>വിശദീകരണം</u> : ഒരാൾ സർക്കാരിന്റെയോ ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെയോ കാര്യാദികളെ സംബന്ധിച്ച് ഏതെങ്കിലും പരസ്യം കൊടുക്കാവുന്ന ഏതെങ്കിലും വർത്തമാനപത്രത്തിൽ തനിക്ക് പങ്കോ അവകാശബന്ധമോ ഉണ്ടെന്നുള്ള കാരണത്താലോ അല്ലെങ്കിൽ ഒരു കടപ്പത്രം താൻ കൈവശം വയ്ക്കുന്നുവെന്ന കാരണത്താലോ അല്ലെങ്കിൽ മുനിസിപ്പാലിറ്റിയോ മുനിസിപ്പാലിറ്റിക്ക് വേണ്ടിയോ വാങ്ങുന്ന ഏതെങ്കിലും വായ്പയുമായി മറ്റ് വിധത്തിൽ ബന്ധപ്പെട്ടിരിക്കുകയോ ചെയ്യുന്നു എന്ന കാരണത്താലോ ഈ ഖണ്ഡപ്രകാരം അയോഗ്യനായിരിക്കുന്നതല്ല ; അഥവാ

(എച്ച്) ആ മുനിസിപ്പാലിറ്റിക്കുവേണ്ടി പ്രതിഫലം പറ്റുന്ന ഒരു അഭിഭാഷക നായിട്ടോ ആ മുനിസിപ്പാലിറ്റിക്കെതിരായിട്ടുള്ള ഒരു അഭിഭാഷകനായിട്ടോ നിയോഗിക്ക പ്പെട്ടിരിക്കുന്നുവെങ്കിൽ ; അഥവാ

(ഐ) നേരത്തെതന്നെ ഒരു കൗൺസിലറായിരിക്കുകയും പുതിയ തെരഞ്ഞെടുപ്പ് പ്രാബല്യത്തിൽ വരുന്നതിനുമുൻപ് തന്റെ ഉദ്യോഗകാലാവധി അവസാനിക്കാതിരിക്കുകയും അല്ലെങ്കിൽ നേരത്തെ തന്നെ കൗൺസിലറായി തെരഞ്ഞെ ടുക്കപ്പെട്ട് കഴിയുകയും തന്റെ ഉദ്യോഗകാലം ഇനിയും ആരംഭിക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ ; അഥവാ

(ജെ) മുൻവർഷംവരെയും മുൻവർഷം ഉൾപ്പെടെയും ആ മുൻസിപ്പാലിറ്റിയി ലേക്ക് (വിശ്വാസാധിഷ്ഠിത നിലയിലല്ലാതെ) താൻ കൊടുക്കേണ്ട ഏതെങ്കിലും ഇന ത്തിൽ കുടിശ്ശിഖ വരുത്തുകയും അതു സംബന്ധിച്ച് ഒരു ബില്ലോ നോട്ടീസോ അയാ ളുടെ മേൽ യഥാവിധി നടത്തുകയും അതിൽ തുക കൊടുക്കുന്നതിന് ഏതെങ്കിലും സമയം നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആ സമയം കഴിയുകയും ചെയ്തിരിക്കുന്നുവെങ്കിൽ ; അഥവാ

(കെ) 86-ാം വകുപ്പിൽ പരാമർശിച്ച ഏതെങ്കിലും സർവ്വീസിൽ നിന്ന് പിരിച്ചു വിടപ്പെടുകയോ നീക്കം ചെയ്യപ്പെടുകയോ ചെയ്യുകയും അപ്രകാരം പിരിച്ചുവിട്ടതോ നീക്കം ചെയ്തതോ ആയ തീയതി മുതൽ അഞ്ചു കൊല്ലം കഴിയാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ ; അഥവാ

** ** **

** ** **

91. <u>കൗൺസിലർമാരുടെ അയോഗ്യത.</u>—92-ാം വകുപ്പിലേയോ 178-ാം വകുപ്പിലേയോ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു കൗൺസിലർ,—

(എ) 90-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വിവരിച്ച പ്രകാരം കുറ്റക്കാരനാണെന്ന് കാണുകയോ അപ്രകാരമുള്ള കുറ്റത്തിന് വിധിക്കപ്പെട്ടിരിക്കുകയോ ; അഥവാ

(ബി) സ്ഥിരബുദ്ധി ഇല്ലാത്ത ആളാണെന്ന് വിധിക്കപ്പെട്ടിരിക്കുകയോ ; അഥവാ

(സി) ഒരു വിദേശ രാഷ്ട്രത്തിലെ പൗരത്വം സേച്ഛയാ ആർജ്ജിച്ചിരി ക്കുകയോ ; അഥവാ

(ഡി) 160-ാം വകുപ്പിന്റെയോ അല്ലെങ്കിൽ (162-ാം വകുപ്പിന്റേയോ) കീഴിൽ ശിക്ഷാർഹമായ ഏതെങ്കിലും തെരഞ്ഞെടുപ്പ് കുറ്റത്തിന് ഒരു ക്രിമിനൽ കോടതിയാൽ

ശിക്ഷിക്കപ്പെട്ടിരിക്കുകയോ അഥവാ ഒരു തെരഞ്ഞെടുപ്പു സംബന്ധിച്ച അഴിമതി പ്രവർത്തികൾമൂലം ഏതെങ്കിലും തെരഞ്ഞെടുപ്പവകാശം വിനിയോഗിക്കുന്നതിൽ നിന്നും അയോഗ്യനാക്കപ്പെട്ടിരിക്കുകയോ ചെയ്തിരിക്കുകയും അങ്ങനെയുള്ള ശിക്ഷയുടെയോ അയോഗ്യതയുടെയോ തീയതി മുതൽ ആറുവർഷം കഴിയാതിരിക്കുകയും ചെയ്യുന്നു വെങ്കിലോ ; അഥവാ

(ഇ) ഒരു പാപ്പരായി വിധിക്കപ്പെടുന്നതിന് അപേക്ഷിച്ചിരിക്കുകയോ അഥവാ പാപ്പരായി വിധിക്കപ്പെട്ടിരിക്കുകയോ ; അഥവാ

** ** **

** ** **

(ജി) ബന്ധപ്പെട്ട മുനിസിപ്പാലിറ്റിക്കുവേണ്ടി പ്രതിഫലം പറ്റുന്ന അഭിഭാഷക നായി നിയോഗിക്കപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ആ മുനിസിപ്പാലിറ്റിക്കെതിരായി അഭിഭാഷകനായി ജോലി സ്വീകരിച്ചിരിക്കുകയോ ; അഥവാ

(എച്ച്) ആ മുനിസിപ്പാലിറ്റിയിൽ താമസക്കാരനല്ലാതായിത്തീരുകയോ ; അഥവാ

(ഐ) ഒരു അഡ്വക്കേറ്റായോ വക്കീലായോ പ്രാക്റ്റീസ് ചെയ്യുന്നതിൽ നിന്നും വിലക്കപ്പെട്ടിരിക്കുകയോ; അഥവാ

(ജെ) മുൻവർഷംവരെയും മുൻവർഷം ഉൾപ്പെടെയും ആ മുനിസിപ്പാലിറ്റിയി ലേക്ക് (വിശ്വാസാധിഷ്ഠിത നിലയിലല്ലാതെ) താൻ കൊടുക്കേണ്ട ഏതെങ്കിലും ഇന ത്തിൽ കുടിശ്ശിഖ വരുത്തുകയും അത് സംബന്ധിച്ച് ഒരു ബില്ലോ നോട്ടീസോ യഥാ വിധി നടത്തുകയും അതിൽ ഏതെങ്കിലും സമയം നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആ സമയം കഴിയുകയും ചെയ്തിരിക്കുകയോ ; അഥവാ

(കെ) അതതു സംഗതിപോലെ, തന്റെ ഉദ്യോഗകാലം ആരംഭിക്കുന്ന തീയതി മുതൽക്കോ അല്ലെങ്കിൽ താൻ ഹാജരായ ഒടുവിലത്തെ യോഗത്തിന്റെ തീയതി മുതൽക്കോ അല്ലെങ്കിൽ 93-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം തന്നെ കൗൺസില റുടെ സ്ഥാനത്ത് പുനഃസ്ഥാപിച്ച തീയതി മുതൽക്കോ കണക്കാക്കിയാൽ തുടർച്ചയായി മൂന്നുമാസക്കാലം ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ അനുവാദം ഇല്ലാതെ അതതു സംഗതിപോലെ, കൗൺസിലിന്റേയോ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയോ യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ അല്ലെങ്കിൽ മേൽപ്പറഞ്ഞ മൂന്നുമാസക്കാലത്തിനുള്ളിൽ മൂന്നിൽ കുറവ് യോഗങ്ങൾ മാത്രം കൂടിയിട്ടുള്ളപക്ഷം, പ്രസ്തുത തീയതിക്കുശേഷം നടത്തിയ അതിന്റെ തുടർച്ചയായുള്ള മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ;

എന്നാൽ, ഒരു കൗൺസിലർ ഹാജരാകാതിരിക്കുന്ന യാതൊരു യോഗവും

(i) ആ യോഗത്തെ സംബന്ധിച്ച് അയാൾക്ക് യഥാവിധി നോട്ടീസ് നൽകിയിട്ടില്ലാത്തപക്ഷം; അഥവാ

** ** **

** ** **

---